**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉപ്പള അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മഞ്ചേശ്വരം താലൂക്കിൽ മംഗൾപ്പാടി വില്ലേജിൽ റീ-സർവ്വേ നം.50/1 ൽ ഉൾപ്പെട്ട 90 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിന് കാസർഗോഡ്, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനിയർക്ക് കാസർഗോഡ് ജില്ലാ ഫയർ ആഫീസർ കത്ത് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിൽ നിന്നും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ